# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2715 | 12/02/2019-ലെ മറുപടി

# അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ.വി.അബ്ദുൾ ഖാദർ | | കെ. കൃഷ്ണൻകുട്ടി (ജലവിഭവ വകുപ്പമന്ത്രി) | |
| (എ) | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരത്തിനായി സർക്കാരിൽ അപേക്ഷ സമർപ്പിച്ചത് എന്നാണെന്ന് അറിയിക്കാമോ; | (എ) | അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയുടെ അംഗീകാരത്തിനായി 01/4/2014-ലെ കത്ത് മുഖേന ടി സംഘടനയുടെ ജനറൽ സെക്രട്ടറി അപേക്ഷ സമർപ്പിച്ചിരുന്നു. |
| (ബി) | എന്തൊക്കെ മാനദണ്ഡങ്ങളാണ് സംഘടനകളുടെ അംഗീകാരത്തിനായി പാലിക്കേണ്ടത്; കേരള വാട്ടർ അതോറിറ്റി ആക്ട് പ്രകാരം എ.കെ.ഡബ്ല്യു.എ.ഒ.യുടെ അംഗീകാരത്തിന് എന്ത് തടസ്സങ്ങളാണ് ഉള്ളത്; വാട്ടർ അതോറിറ്റി ബോർഡ് തീരുമാനം എന്താണ്; വ്യക്തമാക്കാമോ; | (ബി) | 1960-ലെ ഗവൺമെന്റ് സർവ്വന്റ്സ് കോൺടക്റ്റ് റൂൾസ്, റൂൾ-77 പ്രകാരമുള്ള മാനദണ്ഡങ്ങൾ പാലിക്കേണ്ടതുണ്ട്. (ആയത് അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു) ആയത് പാലിച്ച് മാത്രമേ അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളു.<br>07/4/2017-ലെ കേരള വാട്ടർ അതോറിറ്റിയുടെ 391-ാമത് ബോർഡ് യോഗതീരുമാനം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു. ആയതിലെ തീരുമാന പ്രകാരം ടി സംഘടനയുടെ അംഗീകാരത്തിനായി ലഭിച്ച അപേക്ഷ സർക്കാരിന്റെ തീരുമാനത്തിനായി സമർപ്പിക്കുക എന്നതാണ്. |
| (സി) | 2018 ഫെബ്രുവരി മാസത്തിന് ശേഷം എന്തൊക്കെ കാര്യങ്ങളാണ് ഇത് സംബന്ധിച്ച് ജലവിഭവ വകുപ്പ് വാട്ടർ അതോറിറ്റിയോട് ആവശ്യപ്പെട്ടിട്ടുള്ളത്; | (സി) | 01/3/2018-ലെ WS-C2/126/2017/WRD നമ്പർ കത്ത് പ്രകാരവും തുടർന്നുള്ള 19/6/2018, 11/10/2018 തീയതികളിലെ ഓർമ്മക്കുറിപ്പ് പ്രകാരവും (ടി കത്തുകളുടെ |

ഇത് സംബന്ധിച്ച കത്തിന്റെയും ഉത്തരവിന്റെയും പകർപ്പ് ലഭ്യമാക്കാമോ;

പകർപ്പുകൾ യഥാക്രമം അനുബന്ധം-3,4,5 ആയി ചേർത്തിട്ടുണ്ട്) ചുവടെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ട്.

1. AKWAO യുടെ Bye-law യിലെ 6(a)-യിൽ സൂചിപ്പിച്ചിരിക്കുന്ന തസ്തികകളുടെ കേഡർ ബലം എത്രയാണെന്നും ടി തസ്തികയിൽ ഉള്ളവർക്ക് മറ്റേതെങ്കിലും അംഗീകൃത സംഘടന നിലവിലുണ്ടോ എന്നുമുള്ള വിവരങ്ങൾ.

2. കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക Gazetted post ആണോ എന്നും AKWAO സംഘടനയുടെ Bye-law യിലെ 6(a)-ൽ ഉൾപ്പെട്ടിരിക്കുന്ന തസ്തികകൾ എല്ലാം സമാന കാറ്റഗറിയിൽ (Gazetted or non-gazetted) ഉള്ളതാണോ എന്നുമുള്ള വിവരങ്ങൾ.

3. കേരള വാട്ടർ അതോറിറ്റിയിൽ റഫറണ്ടം മുഖേന അംഗീകാരം ലഭിച്ച രണ്ട് സർവ്വീസ് സംഘടനകൾ നിലവിലിരിക്കെ പുതിയൊരു സംഘടനയുടെ ആവശ്യകത എന്താണെന്ന് വ്യക്തമാകുന്ന വിവരങ്ങൾ

കൂടാതെ, (1) AKWAO എന്ന സംഘടനയ്ക്ക് രൂപം നല്കി അസോസിയേഷൻ രൂപീകൃതമാക്കുന്നതിന് തീരുമാനം കൈക്കൊണ്ട ആദ്യ പൊതുയോഗത്തിന്റെ മിനിട്ട്സ്, വ്യക്തിഗത അംഗത്വഫോമിന്റെ പകർപ്പ് (2) 07/4/2017-ലെ 391-മത് ബോർഡ് യോഗത്തിൽ AKWAO സംഘടനയുടെ അംഗീകാരം സംബന്ധിച്ച് കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് എന്നിവയാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(ഡി) വാട്ടർ അതോറിറ്റിയിൽ ഏത് ഉദ്യോഗസ്ഥന്റെ മേശപ്പുറത്താണ് പ്രസ്തുത വിഷയം തീരുമാനം എടുക്കാതെ

(ഡി) അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതുമായി

| | |
|---|---|
| പെന്റിംഗ് ആയിരിക്കുന്നത്; കാരണം വ്യക്തമാക്കാമോ? | ബന്ധപ്പെട്ട വിഷയം 01/3/2018-ലെ WS-C2/126/2017/WRD നമ്പർ കത്ത് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ള വിവരങ്ങളുടെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയുടെ അംഗീകൃതസംഘടനകളിൽ നിന്നും അംഗീകാരം ആവശ്യപ്പെട്ടിട്ടുള്ള സംഘടന യിൽ അംഗമായിട്ടുള്ളവരിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയർ തസ്തികയിലുള്ള വരിൽ നിന്നും വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള വാട്ടർ അതോറിറ്റിയുടെ എസ്റ്റാബ്ലിഷ്മെന്റ് ഇ.1 സെക്ഷനാണ് കൈകാര്യം ചെയ്യുന്നത്. ഓഫീസ് നടപടികളുടെ ഭാഗമായി ടി ഫയൽ 08/2/2019 മുതൽ എസ്റ്റാബ്ലിഷ്മെന്റ് സീനിയർ സൂപ്രണ്ടിന്റെ മേശപ്പുറത്താണ്. |

Renuka Sankar
സെക്ഷൻ ഓഫീസർ

JSK/

# List Of Documents To Be Submitted For Recognition Of Government Employees Association

| | | |
|---|---|---|
| 1 | Bye Law | 2 copies |
| 2 | Minutes of First General Body Meeting (Meeting for taking decision to form Association) | 2 copies |
| 3 | Individual Membership Form | Copy |

Conditions:- 1. 25% of Government Servants in a single category of posts or 50 people whichever is higher

1. No combined association for Gazetted and Non Gazetted posts

Must be submitted through Head of Department to the Administrative Department in Government Secretariat to Personnel and Administrative Reforms (Advice C) Department.

72. Seditious propr ression of disloyal sentiments by a Government servant wil. afficient ground for dispensing with his services.

73. A Government servant proposing to take part in a non-official conference or meeting held in any place in the Kerala State must obtain the prior sanction of the Government:

Provided that such sanction shall not be necessary in respect of conferences in which a Government servant may participate in the course of duty or conferences convened to discuss scientific, technical, literacy or similar subjects and participation therein is not likely to embarrass Government in its relationship with the public in any manner. In cases of doubt the Government servant should apply to Government and obtain orders.

The rules regarding taking part in politics and elections apply to Part-time Government servants also, such as the Advocate General, etc.

74. **Vindication of acts and character of Government servants as such.**—No Government servant shall, except with the previous sanction of Government have recourse to any Court or the press for the vindication of his official acts or character from defamatory attacks.

Nothing in this rule shall derogate from the right of a Government servant to vindicate his private acts or character.

75. No Government servant shall, except with the previous sanction of Government, accept from any person or body of persons compensation of any kind for any malicious prosecution brought against him or for any defamatory attacks made on his public acts or character, unless such compensation has been awarded by a competent Court.

76. **Membership of Association.**—No Government servant shall join or continue to be a member of an association the objects or activities of which are prejudicial to the interests of the sovereignty and integrity of India or public order or morality.

77. (a) **Conditions for recognition.**—No association of Government servants or association purporting to represent Government servants or any class thereof shall be recognised unless it satisfies the following conditions, namely:—

(1) (i) The association must consist of a distinct class of Government employees and must represent 25 per cent of the total strength of that class or 50 persons whichever is higher.

Note 1.—Class I and Class II Officers shall not be allowed to be members of same association in which Class III Officers are members and vice versa.

*Note 2.*—The Heads of Departments concerned will satisfy themselves about the prescribed minimum representative strength and report to Government while forwarding the applications from Service Association for the grant of recognition.

(ii) Every Government employee of the same class must be eligible for membership of the Association;

(iii) Persons who are not in the service of Government shall not be office bearers of the Association; and

(iv) The Association must not be formed on a territorial or communal basis.

(2) The Association shall not be, in any way, connected with, or affiliated to any association, which does not, or any federation of associations, which do not, satisfy condition (1).

(3) The Association shall not be, in any way, connected with any political party or organisation.

**(b) Rules to be observed by Service Associations.**— Government shall withdraw the recognition granted to any Association, if it violates any of the following rules:—

(1) The Association shall not seek the assistance of any political party or organisation to represent the grievances of its members, or indulge in any seditious propaganda, or expression of disloyal sentiments.

(2) The Association shall not resort to any strike or threat of strike as a means of achieving any of its purposes or for any other reason.

[(3) [*** **** ***** ***** ***** *****][1]

(4) The Association shall not, except with the previous sanction of Government.

(i) issue or maintain any periodical publication;

(ii) permit its proceedings to be open to the Press, or publish any representation, on behalf of its members, in the Press or otherwise.

(4A) No publication issued by the Association should contain commercial advertisements.

(5) The Association shall not engage in any political activity.

---

[1] Rule 77 (b) (3) omitted by G.O.(P) 441/80/GAD. dated 25-9-1980. Published as S.R.O. No. 1275/80 in Kerala Gazette No. 52 dated 30th December, 1980.

Renuka Sarkar
Section Officer

15

Annexure - 2

E1

**Decision taken at the 391st Meeting of KWA held on 07/04/2017**

| | |
|---|---|
| *Item No. VI (1)* | *KWA – Estt – Representation from Association of Kerala Water Authority Officers (AKWAO) for Recognition* |
| **Res. No. 10477** | The Authority discussed the agenda and **resolved to submit the representation to Government for a decision.** |

SECRETARY
KERALA WATER AUTHORITY

Renuka Sankar
Section Officer

Annexure - 3

File No.WS-C2/126/2017-WRD

DDFS No: 4503/2018
8/3/2018

DCE(GE)
6/3/18

സി.ഇ. നമ്പർ 181

06 MAR 2018

**കേരള സർക്കാർ**

നമ്പർ. ഡബ്ല്യുഎസ്-സി.2/126/2017/ജവിവ

ജലവിഭവ (ജലവിതരണ-സി) വകുപ്പ്,
തിരുവനന്തപുരം
തീയതി: 01/03/2018

അഡീഷണൽ ചീഫ് സെക്രട്ടറി.

മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
തിരുവനന്തപുരം.

E1
13/3/18

സർ,

വിഷയം: ജലവിഭവ വകുപ്പ് - അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.

സൂചന : താങ്കളുടെ 18/5/2017-ലെ കെ.ഡബ്ല്യു.എ/ജെ.ബി/ഇ.1/12141/2017 നമ്പർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നതുമായി ബന്ധപ്പെട്ട താഴെ പറയുന്നകാര്യങ്ങളിൽ സ്പഷ്ടീകരണം ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു.

1. AKWAO യുടെ Bye-law യിലെ 6(a)-യിൽ സൂചിപ്പിച്ചിരിക്കുന്ന തസ്തികകളുടെ കേഡർ ബലം എത്രയാണെന്നും ടി തസ്തികയിൽ ഉള്ളവർക്ക് മറ്റേതെങ്കിലും അംഗീകൃത സംഘടന നിലവിലുണ്ടോ എന്നുമുള്ള വിവരങ്ങൾ.
2. കേരള വാട്ടർ അതോറിറ്റിയിലെ അസിസ്റ്റന്റ് എഞ്ചിനീയർ തസ്തിക Gazetted post ആണോ എന്നും AKWAO സംഘടനയുടെ Bye-law യിലെ 6(a)-ൽ ഉൾപ്പെട്ടിരിക്കുന്ന തസ്തികകൾ എല്ലാം സമാന കാറ്റഗറിയിൽ (Gazetted or

21

non-gazetted) ഉള്ളതാണോ എന്നുമുള്ള വിവരങ്ങൾ.

3. കേരള വാട്ടർ അതോറിറ്റിയിൽ റഫറണ്ടം മുഖേന അംഗീകാരം ലഭിച്ച രണ്ട് സർവ്വീസ് സംഘടനകൾ നിലവിലിരിക്കെ പുതിയൊരു സംഘടനയുടെ ആവശ്യകത എന്താണെന്ന് വ്യക്തമാക്കുന്ന വിവരങ്ങൾ.

കൂടാതെ, (1) AKWAO എന്ന സംഘടനയ്ക്ക് രൂപം നല്കി അസോസിയേഷൻ രൂപീകൃതമാക്കുന്നതിന് തീരുമാനം കൈക്കൊണ്ട ആദ്യ പൊതുയോഗത്തിന്റെ മിനിട്ട്സ്, വ്യക്തിഗത അംഗത്വഫോമിന്റെ പകർപ്പ് (2) 07/4/2017-ലെ 391-മത് ബോർഡ് യോഗത്തിൽ AKWAO സംഘടനയുടെ അംഗീകാരം സംബന്ധിച്ച് കൈക്കൊണ്ട തീരുമാനത്തിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കുന്നതിനും അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
LISSY K B
UNDER SECRETARY
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

Renuka Sankar
സെക്ഷൻ ഓഫീസർ.

Renuka Sankar
Section Officer

1/3469546/2018

Annexure-4

കേരള സർക്കാർ

ജലവിഭവ (ജലവിതരണ-സി) വകുപ്പ്

നമ്പർ.ഡബ്ല്യൂഎസ്-സി.2/126/17/ജവിവ

തിരുവനന്തപുരം,
19/06/2018.

അഡീഷണൽ ചീഫ് സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, വെള്ളയമ്പലം,
തിരുവനന്തപുരം.

സർ,

വിഷയം:- ജലവിഭവ വകുപ്പ് - അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 01/3/2018-ലെ ഇതേ നമ്പർ സർക്കാർ കത്ത്.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം/പകർപ്പുകൾ ലഭ്യമാക്കുവാൻ അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
ലിസി കെ ബി
അണ്ടര് സെക്രട്ടറി
അഡീഷണൽ ചീഫ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

R.S

സെക്ഷൻ.ഓഫീസർ.

Renuka Sankar
Section Officer

567634/2018

ഓർമ്മക്കുറിപ്പ്

Annexure 5

കേരള സർക്കാർ

ജലവിഭവ (ജലവിതരണ-സി) വകുപ്പ്

തിരുവനന്തപുരം,
തീയതി: 11/10/2018.

നമ്പർ.ഡബ്ല്യൂഎസ്-സി.2/126/2017/ജവിവ

ഗവൺമെന്റ് സെക്രട്ടറി.

മാനേജിംഗ് ഡയറക്ടർ,
കേരള വാട്ടർ അതോറിറ്റി,
ജലഭവൻ, വെള്ളയമ്പലം,
തിരുവനന്തപുരം.

സർ,

വിഷയം:- ജലവിഭവ വകുപ്പ് - അസോസിയേഷൻ ഓഫ് കേരള വാട്ടർ അതോറിറ്റി ഓഫീസേഴ്സ് (AKWAO) എന്ന സംഘടനയ്ക്ക് അംഗീകാരം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 01/3/2018, 19/6/2018തീയതികളിലെ ഇതേ നമ്പർ സർക്കാർ കത്തുകൾ

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചന പ്രകാരം ആവശ്യപ്പെട്ടിരുന്ന സ്പഷ്ടീകരണം/പകർപ്പുകൾ ലഭ്യമാക്കുന്നതിന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,
**ലിസി കെ ബി**
**അണ്ടര് സെക്രട്ടറി**
ഗവൺമെന്റ് സെക്രട്ടറിയ്ക്കുവേണ്ടി

അംഗീകാരത്തോടെ

R.S

സെക്ഷൻ ഓഫീസർ.

Renuka Sankar
Section Officer